"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- ജുഡീഷ്യറി-ഹൈക്കോടതി ആർബിട്രേഷൻ സെന്ററിനായി ഹൈക്കോടതി എസ്റ്റാബ്ലിഷ്മെന്റിൽ ഒരു ഡയറക്ടർ തസ്തിക സൃഷ്ടിക്കുന്നത്-അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(സി) വകുപ്പ്**

സ.ഉ.(കൈ) നം.72/2026/HOME തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:- ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ 03.06.2025 തീയിതിലെ HCKL / 1020 / 2025- A7 - HC KERALA നമ്പർ കത്ത്

**ഉത്തരവ്**

പൊതുജനങ്ങൾക്കിടയിൽ ഫലപ്രദമായ തർക്ക പരിഹാര മാർഗ്ഗങ്ങളിലൊന്നായി ആർബിട്രേഷൻ ജനപ്രിയമാക്കുന്നതിനും ഒരു കേന്ദ്ര മധ്യസ്ഥതയിലൂടെ അവരുടെ തർക്കങ്ങൾ പരിഹരിക്കുന്നതിനും ലക്ഷ്യമിട്ട് കേരള ഹൈക്കോടതി ഒരു ആർബിട്രേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. കേരള ഹൈക്കോടതി ആർബിട്രേഷൻ സെന്ററിന്റെ കടമകൾ, ഉത്തരവാദിത്തങ്ങൾ, അധികാരങ്ങൾ, നടപടിക്രമങ്ങൾ, പ്രവർത്തനങ്ങൾ മുതലായവയുടെ നിർവ്വചനവും നിയന്ത്രണവും, 2025 ലെ കേരള ഹൈക്കോടതി (ആർബിട്രേഷൻ സെന്റർ) ചട്ടങ്ങൾക്കനുസൃതമായാണ് അനുവർത്തിച്ചിരിക്കുന്നത് . പ്രസ്തുത ചട്ടത്തിലെ ചട്ടം 10 (എ) പ്രകാരം, ആർബിട്രേഷൻ സെന്ററിന് ഒരു ഡയറക്ടർ ഉണ്ടായിരിക്കേണ്ടതും പ്രസ്തുത ഡയറക്ടർ ചീഫ് ജസ്റ്റിസ് നിയമിക്കുന്ന ഒരു ജില്ലാ ജഡ്ജിയായിരിക്കേണ്ടതുമാണ്.

2) ആർബിട്രേഷൻ സെന്റർ സ്ഥാപിക്കുന്നതിന്റെ പിന്നിലെ ലക്ഷ്യങ്ങൾ (റൂൾ 3 (2)) പ്രകാരം വിഭാവനം ചെയ്തിട്ടുള്ളതും ഡയറക്ടർക്ക് നൽകിയിട്ടുള്ള കടമകളും ഉത്തരവാദിത്തങ്ങളും പൂർണ്ണമായ രീതിയിൽ ഫലപ്രദമായി നിർവ്വഹിക്കുന്നതിനും, ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ ഒരു മുഴുവൻ സമയ ഡയറക്ടർ ഉണ്ടായിരിക്കേണ്ടത് ആവശ്യമാണെന്നത് കണക്കിലെടുത്ത്, 2025 ലെ

കേരള ഹൈക്കോടതി (ആർബിട്രേഷൻ സെന്റർ) ചട്ടപ്രകാരം, ജില്ലാ ജഡ്ജി റാങ്കിലുള്ള ഒരു ജുഡീഷ്യൽ ഓഫീസറെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന്, ഹൈക്കോടതി എസ്റ്റാബ്ലിഷ്മെന്റിൽ ഹൈക്കോടതി ആർബിട്രേഷൻ സെന്റർ ഡയറക്ടർ എന്ന തസ്തിക സൃഷ്ടിക്കാൻ പരാമർശിത കത്ത് പ്രകാരം രജിസ്ട്രാർ ജനറൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 ലെ കേരള ഹൈക്കോടതി (ആർബിട്രേഷൻ സെന്റർ) ചട്ടങ്ങളിലെ റൂൾ 10 (എ)-ൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം, ഹൈക്കോടതി ആർബിട്രേഷൻ സെന്ററിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജില്ലാ ജഡ്ജി റാങ്കിലുള്ള ഒരു ജുഡീഷ്യൽ ഓഫീസറെ നിയമിക്കുന്നതിനായി ഹൈക്കോടതി എസ്റ്റാബ്ലിഷ്മെന്റിൽ ഒരു ഡയറക്ടർ തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്
രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്( നം 3191496/EXP-D2/139/2025-Fin തീയതി 26.02.2026)
പൊതുഭരണ( എസ്.സി) വകുപ്പ്( മന്ത്രിസഭായോഗ തീരുമാനം ഇനം. നം. 3895 തീയതി 13.03.2026)
വെബ്ബ് & ന്യൂ മീഡിയ, ഐ&പി. ആർ.ഡി( സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഫയൽ നം സി2/216/2025/ആഭ്യന്തരം)

ഉത്തരവിൻ പ്രകാരം

Signed by
Smitha K P
Date: 14-03-2026 16:42:55

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-03-2026

ഫയൽ നം. സി2/216/2025/ആഭ്യന്തരം. ഇനം നം: 3895

വിഷയം : ആഭ്യന്തര വകുപ്പ് - ഹൈക്കോടതി ആർബിട്രേഷൻ സെന്ററിനായി ഹൈക്കോടതി എസ്റ്റാബ്ലിഷ്മെന്റിൽ ഒരു ഡയറക്ടർ തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

3895

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി2/216/2025/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ്- ഹൈക്കോടതി ആർബിട്രേഷൻ സെന്ററിനായി ഹൈക്കോടതി എസ്റ്റാബ്ലിഷ്മെന്റിൽ ഒരു ഡയറക്ടർ തസ്തിക സൃഷ്ടിക്കുന്നത്- സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 04.03.2026 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതേ<br>ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. നവീൻ കൃഷ്ണൻ.ജി. ഐ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 05.03.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10.03.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 11.03.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 11.03.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഹൈക്കോടതി ആർബിട്രേഷൻ സെന്ററിൽ ജില്ലാ ജഡ്ജി റാങ്കിലുള്ള ഒരു ജുഡീഷ്യൽ ഓഫീസറെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനായി ഹൈക്കോടതി എസ്റ്റാബ്ലിഷ്മെന്റിൽ ഒരു ഡയറക്ടർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള കേരള ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ നിർദ്ദേശവുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2) പൊതുജനങ്ങൾക്കിടയിൽ ഫലപ്രദമായ തർക്ക പരിഹാര മാർഗ്ഗങ്ങളിലൊന്നായി ആർബിട്രേഷൻ ജനപ്രിയമാക്കുന്നതിനും ഒരു കേന്ദ്ര മധ്യസ്ഥതയിലൂടെ അവരുടെ തർക്കങ്ങൾ പരിഹരിക്കുന്നതിനും ലക്ഷ്യമിട്ട് കേരള ഹൈക്കോടതി ഒരു ആർബിട്രേഷൻ സെന്റർ സ്ഥാപിച്ചതായി രജിസ്ട്രാർ ജനറൽ അറിയിച്ചു കേരള ഹൈക്കോടതി ആർബിട്രേഷൻ സെന്ററിന്റെ കടമകൾ, ഉത്തരവാദിത്തങ്ങൾ, അധികാരങ്ങൾ, നടപടിക്രമങ്ങൾ, പ്രവർത്തനങ്ങൾ മുതലായവയുടെ നിർവചനവും നിയന്ത്രണവും, 2025 ലെ കേരള ഹൈക്കോടതി (ആർബിട്രേഷൻ സെന്റർ) ചട്ടങ്ങൾക്കനുസൃതമായാണ് അനുവർത്തിച്ചിരിക്കുന്നത് . പ്രസ്തുത ചട്ടത്തിലെ ചട്ടം 10 (എ) പ്രകാരം, ആർബിട്രേഷൻ സെന്ററിന് ഒരു ഡയറക്ടർ ഉണ്ടായിരിക്കുണ്ടതും പ്രസ്തുത ഡയറക്ടർ ചീഫ് ജസ്റ്റിസ് നിയമിക്കുന്ന ഒരു ജില്ലാ ജഡ്ജിയായിരിക്കേണ്ടതുമാണ്. .

3) ആർബിട്രേഷൻ സെന്റർ സ്ഥാപിതമായ വേളയിൽ , ആർബിട്രേഷൻ സെന്റർ ഡയറക്ടർ എന്ന തസ്തികയുടെ അഭാവത്തിൽ, കേരള സംസ്ഥാന മീഡിയേഷൻ ആൻഡ് കൺസിലിയേഷൻ സെന്റർ ഡയറക്ടറെ ആർബിട്രേഷൻ സെന്റർ ഡയറക്ടറുടെ അധിക ചുമതല ഏൽപ്പിച്ചിരുന്നു. ആർബിട്രേഷൻ സെന്റർ സ്ഥാപിക്കുന്നതിന്റെ പിന്നിലെ ലക്ഷ്യങ്ങൾ (റൂൾ 3 (2)) പ്രകാരം വിഭാവനം ചെയ്തിട്ടുള്ളതും ഡയറക്ടർക്ക് നൽകിയിട്ടുള്ള കടമകളും ഉത്തരവാദിത്തങ്ങളും പൂർണ്ണമായ രീതിയിൽ ഫലപ്രദമായി നിർവഹിക്കുന്നതിനും, ചട്ടങ്ങളിൽ

വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ ഒരു മുഴുവൻ സമയ ഡയറക്ടർ ഉണ്ടായിരിക്കേണ്ടത് ആവശ്യമാണെന്നും രജിസ്ട്രാർ ജനറൽ അറിയിച്ചു. മേൽ സാഹചര്യങ്ങൾ കണക്കിലെടുത്ത്, 2025 ലെ കേരള ഹൈക്കോടതി (ആർബിട്രേഷൻ സെന്റർ) ചട്ടപ്രകാരം, ജില്ലാ ജഡ്ജി റാങ്കിലുള്ള ഒരു ജുഡീഷ്യൽ ഓഫീസറെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന്, ഹൈക്കോടതി എസ്റ്റാബ്ലിഷ്മെന്റിൽ ഹൈക്കോടതി ആർബിട്രേഷൻ സെന്റർ ഡയറക്ടർ എന്ന തസ്തിക സൃഷ്ടിക്കാൻ രജിസ്ട്രാർ ജനറൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

4) രജിസ്ട്രാർ ജനറലിന്റെ നിർദ്ദേശം ധനകാര്യ വകുപ്പിന് ലഭ്യമാക്കിയപ്പോൾ , 2025-ലെ കേരള ഹൈക്കോടതി (ആർബിട്രേഷൻ സെന്റർ) ചട്ടങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയത് സംബന്ധിച്ച കൂടുതൽ വിശദാംശങ്ങളും ഒരു ജില്ലാ ജഡ്ജിക്ക് അധിക ചുമതല നൽകുന്നതിനുപകരം ഡയറക്ടർ എന്ന പ്രത്യേക തസ്തിക സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയും ലഭ്യമാക്കുവാൻ പ്രസ്തുത വകുപ്പ് ആവശ്യപ്പെട്ടു. അതനുസരിച്ച്, ഡയറക്ടർ തസ്തിക സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയെ വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് രജിസ്ട്രാർ ജനറൽ സമർപ്പിച്ചു, കൂടാതെ 2025-ലെ കേരള ഹൈക്കോടതി (ആർബിട്രേഷൻ സെന്റർ) ചട്ടങ്ങൾ 25.02.2025-ലെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

5) ആയതിനെ തുടർന്ന് ഫയൽ വീണ്ടും ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് ലഭ്യമാക്കിയപ്പോൾ , പ്രസ്തുത വകുപ്പ് ചുവടെ ചേർക്കുംപ്രകാരം അഭിപ്രായപ്പെട്ടു;

*'Finance agrees to accord sanction to create a post of Director, High Court Arbitration Centre for the High Court establishment so as to appoint a judicial officer in the rank of District Judge, on deputation basis as envisaged in Rule 10 (a) of the Kerala High Court (Arbitration Centre) Rules, 2025 subject to the approval of Cabinet .*

*This has the approval of the Hon'ble Minister (Finance)*

6)ഫയൽ ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

* * * * *

2025 ലെ കേരള ഹൈക്കോടതി (ആർബിട്രേഷൻ സെന്റർ) ചട്ടങ്ങളിലെ റൂൾ 10 (എ)-ൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം, ഹൈക്കോടതി ആർബിട്രേഷൻ സെന്ററിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജില്ലാ ജഡ്ജി റാങ്കിലുള്ള ഒരു ജുഡീഷ്യൽ ഓഫീസറെ നിയമിക്കുന്നതിനായി ഹൈക്കോടതി എസ്റ്റാബ്ലിഷ്മെന്റിൽ ഒരു ഡയറക്ടർ തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകാവുന്നതാണോ ?